സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തക വിതരണം

80 (1103) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷത്തിൽ ആവശ്യമുള്ള പാഠപുസ്തകങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) അച്ചടി പൂർത്തീകരിച്ച് വിതരണത്തിന് നൽകിയിട്ടുള്ള പുസ്തകങ്ങൾ എത്രയെന്ന് അറിയിക്കാമോ ;

(ഡി) ഏതെല്ലാം ഏജൻസികൾവഴിയാണ് അച്ചടി പ്രവർത്തനങ്ങൾ നടത്തുന്നത് ; ഓരോ ഏജൻസിക്കും എത്രവീതം പുസ്തകങ്ങളുടെ അച്ചടിയാണ് നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഇ) ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്ക് വേണ്ട കടലാസും മഷിയും സി.ഡി.യും നൽകിയിരുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പാഠപുസ്തകങ്ങളുടെ അച്ചടിക്ക് വേണ്ട കടലാസ് ഓർഡർ നൽകുന്നതിന് താമസം ഉണ്ടായിരുന്നോ ; എങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഒന്ന് മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് 3,73,15,500 പാഠപുസ്തകങ്ങളാണ് രണ്ടുഘട്ടങ്ങളായി ഈ അദ്ധ്യയന വർഷത്തിൽ ആവശ്യമുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിലേയ്ക്ക് ആവശ്യമായ വോള്യം 1 പാഠപുസ്തകങ്ങൾ 2,33,26,800 ആണ്. 11-ാം ക്ലാസ്സിലേയ്ക്ക് 10,41,879 പുസ്തകങ്ങളും 12-ാം ക്ലാസ്സിലേയ്ക്ക് 14,29,108 എണ്ണവും ആവശ്യമാണ് എന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) 9, 10 ക്ലാസ്സുകളിലെ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്. മാറ്റമുള്ള 2,4,6,8 ക്ലാസ്സുകളിലേയും മാറ്റമില്ലാത്ത 1,3,5,7 ക്ലാസ്സുകളിലേയും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചുവരികയാണ്. 11, 12 ക്ലാസ്സുകളിലെ പുസ്തക അച്ചടി പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.ബി.പി.എസ്.-ൽ 1,72,37,158 പാഠപുസ്തകങ്ങളും സർക്കാർ പ്രസ്സുകളിൽ 12 ലക്ഷവും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. 11,12 ക്ലാസ്സുകളിലേയ്ക്കായി 94 ടൈറ്റിലുകളിലുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി, വിതരണം നടന്നുവരുന്നു.

(ഡി) ഒന്നു മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ യഥാസമയം അച്ചടി പൂർത്തിയാക്കാൻ കഴിയില്ലായെന്ന് കെ.ബി.പി.എസ്. അറിയിച്ചതിനെ തുടർന്ന് സർക്കാർ പ്രസ്സുകളിലും 12 ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചു. ശേഷിക്കുന്ന പുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ തന്നെ അച്ചടിച്ചുവരുന്നു. ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള സർക്കാരിന് കീഴിലുള്ള സി.ആപ്റ്റ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ഇ) യഥാസമയം തന്നെ പ്രിന്റിംഗ് മെറ്റീരിയൽസ് കെ.ബി.പി.എസ്. സർക്കാർ പ്രസ്സുകൾക്ക് കൈമാറി നൽകിയിരുന്നു.

(എഫ്) ഇല്ല.

അദ്ധ്യാപകരുടെ നിയമന രീതി

81 (1106) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ അദ്ധ്യാപകരുടെ നിയമനരീതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നിയമനം ലഭിക്കാൻ കെ-ടെറ്റ് പരീക്ഷ പാസാകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ടി.ടി.സി., ബി.എഡ്. തുടങ്ങിയ കോഴ്സുകൾ വിജയിച്ചവർ വീണ്ടും കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്ന വ്യവസ്ഥ കൊണ്ടുവരാനിടയായ സാഹചര്യം വിശദമാക്കുമോ ;

(ഡി) നിലവിൽ ഓരോ വിഭാഗത്തിലുമായി എത്രപേർ കെ-ടെറ്റ് പരീക്ഷ എഴുതിയിട്ടുണ്ടെന്നും അതിൽ എത്ര പേർ വിജയിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം മാനേജർമാർ മുഖേനയും സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ നിയമനം പി.എസ്.സി. മുഖേനയും നടന്നുവരുന്നു. നിയമനരീതിയിൽ മാറ്റം വരുത്തുന്നകാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly